# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/TVM/ GP4-957/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/ GP4-957/2022 തീയ്യതി: 23/06/2022

## തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 27-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 27-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ആര്യകൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലതകുമാരി | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി.ബിന്ദു.പി.വി | സെക്രട്ടറി | 09-06-2020 | 31-03-2021 |
| ശ്രീ.വി.അനിൽകുമാർ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീമതി.ലാലി.പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലേഖ.ഡി.എസ് | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.അനിൽകുമാർ.എ.പി | അസി.സെക്രട്ടറി | 16-06-2020 | 31-03-2021 |
| ഡോ.മാലിനി | മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.മാഗ്ഡലിൻ.ഇ.വി | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2020 | 04-11-2020 |
| ഡോ.അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ -ഹോമിയോ | 05-11-2020 | 30-12-2020 |
| ഡോ.മുബീന സലിം | മെഡിക്കൽ ഓഫീസർ -ഹോമിയോ | 31-12-2020 | 31-03-2021 |
| ഡോ.എസ്.പ്രമോദ് | മെഡിക്കൽ ഓഫീസർ -ആയുർവേദം | 01-04-2020 | 28-02-2021 |
| ഡോ.എസ്.ബിന്ദു | മെഡിക്കൽ ഓഫീസർ -ആയുർവേദം | 01-03-2021 | 31-03-2021 |
| ശ്രീമതി.ശ്രീരമ്യ.എസ്.നായർ | വി.ഇ.ഒ 1 | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിഷ.എസ് | വി.ഇ.ഒ 2 | 01-04-2020 | 31-03-2021 |
| ശ്രീ.മധുസൂദനൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ജയപ്രകാശ്.എസ്.പി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ.കെ | കൃഷി ഓഫീസർ | 01-04-2020 | 19-05-2020 |
| ശ്രീമതി.ലക്ഷ്മി മുരുകൻ | കൃഷി ഓഫീസർ | 20-05-2020 | 31-03-2021 |
| ഡോ.മുംതാസ് ബീഗം.റ്റി.സി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിനിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 15-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.നിഷ.ജെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-03-2021 | 31-03-2021 |
| ശ്രീമതി.ബിന്ദു കൃഷ്ണ | ഹെഡ്മിസ്ട്രസ് | 01-04-2020 | 02-06-2020 |
| ശ്രീ.ഗോപകുമാർ | ഹെഡ്മാസ്റ്റർ | 03-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 02-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 02-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റമെന്റ് പ്രകാരം)<br>Written By: Zeena K (Senior Grade Auditor, On 02-05-2022)<br>Last Updated By: K Sreeja (Deputy Director, On 23-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Mary Andrews (Audit Officer, On 29-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Zeena K (Senior Grade Auditor, On 05-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arya Krishnan A.R (Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Arya Krishnan A.R (Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mary Andrews (Audit Officer, On 29-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 1-9 |
| 10 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 1-10 |
| 11 | വസ്തു നികുതി -അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-11 |
| 12 | വസ്തു നികുതി ഈടാക്കിയതിൽ കുറവ്- 10552.60 രൂപ നഷ്ടം.<br>Written By: Zeena K (Senior Grade Auditor, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-12 |
| 13 | റദ്ദാക്കിയ രസീതുകളിലെ തുകകൾ കളക്ഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 06-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-13 |
| 14 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ്- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-14 |
| 15 | മത്സ്യകൃഷിക്കായി നൽകിയ കുളങ്ങളുടെ ലേല തുക ഈടാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-15 |
| 16 | ലൈസൻസ് അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-06-2022) | 1-16 |
| 17 | ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-06-2022) | 1-16-1 |

| | | |
|---|---|---|
| 18 | മെഷീൻ ഫീസ് ഈടാക്കിയതിൽ കുറവ്.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-16-2 |
| 19 | സ്ഥാപനങ്ങൾക്ക് കുറഞ്ഞ കാലയളവിലേയ്ക്ക് മാത്രം ലൈസൻസ് അനുവദിക്കുന്നു.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-16-3 |
| 20 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-16-4 |
| 21 | വർഷങ്ങളായി പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 14-06-2022) | 1-16-5 |
| 22 | അപേക്ഷകളുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-16-6 |
| 23 | വളർത്തു മൃഗങ്ങളുടെ ലൈസൻസ് - അപാകതകൾ<br>Written By: Mary Andrews (Audit Officer, On 29-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 1-16-7 |
| 24 | ഇ-ടെണ്ടർഫോം വില ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 08-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-06-2022) | 1-17 |
| 25 | അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ പ്രത്യേകം സേവിംഗ്സ് അക്കൌണ്ട്- രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 08-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-18 |
| 26 | പഞ്ചായത്തു ലൈബ്രറി നടത്തിപ്പ്-അപാകതകൾ<br>Written By: Mary Andrews (Audit Officer, On 29-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-19 |
| 27 | ലൈഫ് ഭവന പദ്ധതി- മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 07-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-20 |
| 28 | വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാത്തതിനാൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പദ്ധതികൾക്ക് അധിക തുക ചെലവഴിച്ചു.<br>Written By: Jayalekshmi BK (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-21 |
| 29 | എം.സി.എഫ് കെട്ടിടനിർമ്മാണം- പദ്ധതി ലക്ഷ്യം കണ്ടില്ല- 611386/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-22 |
| 30 | വിപണനകേന്ദ്രം- കടമുറി ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-23 |
| 31 | സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയതിൽ കുറവ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-24 |
| 32 | സോളാർ പാനൽ പ്രവർത്തനരഹിതം.<br>Written By: Jayalekshmi BK (Senior Grade Auditor, On 04-05-2022) | 1-25 |

| | | |
|---|---|---|
| | Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | |
| 33 | അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ.<br>Written By: Mary Andrews (Audit Officer, On 29-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-06-2022) | 1-26 |
| 34 | സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.<br>Written By: Mary Andrews (Audit Officer, On 29-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-27 |
| 35 | വെള്ളക്കരം-പൊതുടാപ്പുകളുടെ സംയുക്ത പരിശോധന.<br>Written By: Mary Andrews (Audit Officer, On 29-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-28 |
| 36 | രജിസ്റ്ററുകളുടെ പരിപാലനം - അപാകതകൾ<br>Written By: Mary Andrews (Audit Officer, On 29-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-29 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി ഈടാക്കിയതിൽ കുറവ്- 10553/- രൂപ നഷ്ടം.<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 16-06-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-06-2022) | 4-3 |
| 4 | വായ്പാ / വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Mary Andrews (Audit Officer, On 07-06-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 04-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 20-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 30.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പൾപ്പെടെ ആകെ പ്രതീക്ഷിത വരവ് 382523532/-രൂപയും ആകെ പ്രതീക്ഷിത ചെലവ് 364548000/-രൂപയുമാണ്.നീക്കിയിരിപ്പ് 17975532/-രൂപയുമാണ്.

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്. എന്നാൽ അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമാണ് ബജറ്റ് പരിഷ്കരിച്ചിരിക്കുന്നത്. ഭാവിയിൽ പഞ്ചായത്ത്രാജ് ആക്റ്റിലെ 214(5) നിർദ്ദേശം പാലിക്കുവാൻ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 22.04.2021 |

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1). കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 62 (2) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

A. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ

B. അടിസ്ഥാന അനുപാതങ്ങൾ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2022-നുള്ള മറുപടിയിൽ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നത് ഐ.കെ.എം സോഫ്റ്റ്‌വെയർ മുഖേനയാണെന്നും അതിനാൽ പ്രസ്തുത വിവരം ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

2). കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

ഭാവിയിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3). വാർഷിക ധനകാര്യപത്രിക RP 7 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം 643987/- രൂപയും സുലേഖ ചെലവ് പത്രിക പ്രകാരം 1429277/- രൂപയുമാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2022-നുള്ള മറുപടിയിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നും ചെലവ് ചെയ്ത തുകയാണ് 643987/-രൂപയായി കാണിച്ചിരിക്കുന്നതെന്നും സുലേഖ ചെലവ് പത്രിക പ്രകാരം 1429277/-രൂപ ഗുണഭോക്താക്കൾക്ക് ആകെ നേരിട്ട് നൽകിയ തുകയാണെന്നും അറിയിച്ചിരിക്കുന്നു.

4). വാർഷിക ധനകാര്യപത്രിക പ്രകാരം ICDS 2019-20 ലെ നീക്കിയിരിപ്പ് (B4) പ്രകാരം 2460060/-രൂപയും തൻവർഷം വരവ് (RP 31) 470164/- രൂപയുമാണ്. തൻവർഷത്തെ നീക്കിയിരിപ്പ് (B4) 2930224/- രൂപയാണ്. ചെലവുകളൊന്നും നടന്നിട്ടില്ല. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം1498779/- രൂപയുടെ ചെലവുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2022-നുള്ള മറുപടിയിൽ (RP 31) പ്രകാരം കേന്ദ്രവിഹിതമായി ലഭ്യമായ 470164/-രൂപ 2020-21 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടില്ലായെങ്കിലും പ്ലാൻ ഫണ്ടിൽ നിന്നു മാത്രമാണ് ചെലവ് നടന്നിരിക്കുന്നതെന്നു അറിയിച്ചിരിക്കുന്നു.

5). 2019-20 സാമ്പത്തിക വർഷത്തിലെ നീക്കിയിരിപ്പ് തുക തന്നെ മാറ്റമില്ലാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നു.

| അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|
| 320700205 | Contributions For Joint Venture -(For Revenue Expenditure) From | 196000 |

| അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|
| | District Panchayat | |
| 320800101 | Beneficiary Contributions | 84442 |

നീക്കിയിരിപ്പ് തുകകൾ തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും Beneficiary Contributions തുക തനതു ഫണ്ടിൽ മുതൽ കൂട്ടുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം 1/2022-നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു.

## 1-3 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13174274 | 13174274 | 16456791 | (-)3282517 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6055941 | 6055941 | 4583586 | 1472355 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 122745 | 122745 | 152000 | (-)29255 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7220000 | 7220000 | 1665338 | 5554662 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 14555231 | 14555231 | 12704880 | 1850351 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5195908 | 5195908 | 5084190 | 111718 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 21982000 | 21982000 | 21982000 | 0 |

### 1-3-1 ചെലവ് തുകകളിൽ വ്യത്യാസം

2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ ചെലവ് തുകകളിൽ വ്യത്യാസം വന്നിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 16456791 | 13153065 |
| വികസന ഫണ്ട് (എസ്.സി.പി) | 4583586 | 4422527 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 152000 | 122745 |
| വികസന ഫണ്ട് (സി.എഫ്.സി -പെർഫോമൻസ് ഗ്രാന്റ്) | 12704880 | 12857173 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/2022 നുള്ള മറുപടിയിൽ വികസന ഫണ്ടിനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്ത തുകയാണ് പഞ്ചായത്തിൽ ലഭ്യമാകുന്നതെന്നും പ്രസ്തുത തുക ജി.ഒ പ്രോജക്റ്റായി സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സി.എഫ്.സി (പെർഫോമൻസ് ഗ്രാന്റ്) ഗ്രാന്റിനത്തിൽ വ്യത്യാസം വന്ന 152293/-രൂപ റിവിഷനു വേണ്ടി വെറ്റിംഗിനായി അയക്കുകയും എന്നാൽ അംഗീകാരം ലഭിക്കാത്തതിനാൽ പ്രസ്തുത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

### 1-3-2 പദ്ധതി വിനിയോഗത്തിൽ കുറവ്.

സ്ഥാപനം ഹാജരാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗം വളരെ കുറവായി കാണുന്നു.

| Name Of The Grant | Project | Allocation | Expenditure | Percentage Of Expenditure |
|---|---|---|---|---|
| Component Plan/Sub Plan | Women Component Plan | 5392200 | 2386100 | 44.25% |
| Component Plan/Sub Plan | Differently Abled | 200000 | 0 | 0% |
| Centrally Sponsered Scheme | Indira Awas Yojana | 188784869 | 5045600 | 2.67% |
| Centrally Sponsered Scheme | Integrated Child Development Scheme | 23300000 | 1601285 | 6.87% |
| State Sponsered Scheme | Sanitation Mission | 37550044 | 3214407 | 8.56% |
| State Sponsered Scheme | Matsya Samirdhi | 1230000 | 0 | 0% |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/2022-നുള്ള മറുപടിയിൽ കോവിഡിന്റെ സാഹചര്യത്തിൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. പല സ്കീമുകൾക്കും ലഭിച്ച തുകകൾ ലാപ്സായതായോ ഭാഗികമായി മാത്രം ഉപയോഗിച്ചതായോ കാണുന്നു. ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുക ജനോപകാരപ്രദമായി പദ്ധതികൾ രൂപീകരിച്ച് പൂർണതോതിൽ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 320 | 132264056 | 258 | 81516177 | - | 62 | 81 |

## 1-5 ക്ഷേമപദ്ധതികൾ

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനം നൽകിയ ക്ഷേമ പെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | -- | -- |
| വിധവാപെൻഷൻ | 21506400 | 1418 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 35648200 | 2706 |
| വികലാംഗപെൻഷൻ | 5508400 | 379 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 195200 | 14 |

ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ

ധനവകുപ്പിന്റെ 22.09.2017 എസ്.എഫ്.സി.ബി 1 /62/2017-ാം നമ്പർ സർക്കുലർ, 29.11.2017 ലെ എസ്.എഫ്.സി.ബി 1 /71/2017-ാംനമ്പർ സർക്കുലർ, 2.08.2021-ലെ എസ്.എഫ്.സി.ബി 1/63/2021-ാം നമ്പർ സർക്കുലർ എന്നിവ പ്രകാരം ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവ് മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പെൻഷൻ വിതരണം അന്നുതന്നെ നിർത്തപ്പെടേണ്ടതാണെന്നും മരണപ്പെട്ടവരെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കിയില്ലങ്കിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തികനഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നുമുള്ള ഉത്തരവുകൾ നിലനിൽക്കെ ഗ്രാമപഞ്ചായത്തിൽ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിലും പെൻഷൻ അനുവദിക്കുന്നതായി സേവനയിൽ നിന്നും കണ്ടെത്തി. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.മരണപ്പെട്ട വ്യക്തികളുടെ പേരിൽ സഹകരണബാങ്കിന്റെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിരിക്കുന്നു.

| പേര്<br>ആധാർ നം | നൽകുന്ന ക്ഷേമപെൻഷൻ | മരണം നടന്ന തീയതി | പെൻഷൻ നൽകിയതിന്റെ വിവരം |
|---|---|---|---|
| ചന്ദ്രബോസ്.വി.പി<br>ആധാർ നം<br>446211277345 | ഇന്ദിരഗാന്ധി ദേശിയ ഡിസെബിലിറ്റി പെൻഷൻ | 25.12.2019 | ജനവരി 2020 മുതൽ ഏപ്രിൽ 2022 വരെ.<br>(28 മാസം)<br>തുക അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |
| മോശ.ജെ<br>481857824923 | കർഷകത്തൊഴിലാളി പെൻഷൻ | 3.01.2020 | ജനവരി 2020 മുതൽ തുക കൈമാറുവാൻ സാധിച്ചിട്ടില്ല. എന്നാൽ 2022 ഫെബ്രുവരിയിലും മാർച്ചിലും 1600/- രൂപ നിരക്കിൽ സഹകരണ ബാങ്കിൽ തുക നിക്ഷേപിച്ചിരിക്കുന്നു. |
| നാണു.പി<br>423565177521 | കർഷകത്തൊഴിലാളി പെൻഷൻ | 11.01.2020 | 2021 ജൂലൈയിൽ 1600/-രൂപ കൈപ്പറ്റിയിരിക്കുന്നു. 2022 ഫെബ്രുവരിയിലും മാർച്ചിലും 1600/- രൂപ നിരക്കിൽ സഹകരണ ബാങ്കിൽ തുക നിക്ഷേപിച്ചിരിക്കുന്നു. |
| അയ്യപ്പൻ നാടാർ<br>619729476930 | കർഷകത്തൊഴിലാളി പെൻഷൻ | 07.01.2020 | 2022 ഫെബ്രുവരിയിലും മാർച്ചിലും 1600/- രൂപ നിരക്കിൽ സഹകരണ ബാങ്കിൽ തുക നിക്ഷേപിച്ചിരിക്കുന്നു. |
| പങ്കജാക്ഷി അമ്മ<br>5150 6190 7671 | കർഷകത്തൊഴിലാളി പെൻഷൻ | 11.01.2020 | ഫെബ്രുവരി 2020 മുതൽ ഏപ്രിൽ 2022 വരെ.(27 മാസം) |
| ശൊരുമുത്തുആശാരി<br>885942624724 | കർഷകത്തൊഴിലാളി പെൻഷൻ | 12.01.2020 | 2022 ഫെബ്രുവരിയിലും മാർച്ചിലും 1600/- രൂപ നിരക്കിൽ സഹകരണ ബാങ്കിൽ തുക നിക്ഷേപിച്ചിരിക്കുന്നു. |
| തങ്കപ്പൻ<br>728175081927 | ഇന്ദിര ഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 20.01.2020 | ഫെബ്രുവരി 2020 മുതൽ ഏപ്രിൽ 2022 വരെ.(27മാസം) |
| പരമേശ്വരൻ നായർ<br>787630211213 | ഇന്ദിര ഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 18.01.2020 | 2020 ഫെബ്രുവരി മുതൽ<br>ഏപ്രിൽ വരെ 1400/- രൂപ നിരക്കിൽ സഹകരണ ബാങ്കിൽ തുക |

| | | | |
|---|---|---|---|
| | | | നിക്ഷേപിച്ചിരിക്കുന്നു. |
| ഭായി .സി<br>922310134132 | കർഷകത്തൊഴിലാളി പെൻഷൻ | 11.01.2020 | 2022 ഫെബ്രുവരിയിലും മാർച്ചിലും 1600/- രൂപ നിരക്കിൽ സഹകരണ ബാങ്കിൽ തുക നിക്ഷേപിച്ചിരിക്കുന്നു. |
| പങ്കജാക്ഷി അമ്മ | ഇന്ദിര ഗാന്ധി ദേശീയ വിധവ പെൻഷൻ | 30.01.2020 | ഫെബ്രുവരി 2020 മുതൽ ഏപ്രിൽ 2022 വരെ.(27 മാസം) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20/2022) ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതികമായിട്ടുള്ള അപാകതകളാണ് പെൻഷൻ ഇത്തരത്തിൽ വിതരണം ചെയ്യുവാനുണ്ടായ കാരണമെന്നും ഭാവിയിൽ ഇത്തരം അപാകത വരാതെ പരിഹരിക്കുന്നതിന് ഐ.കെ.എം-ന്റെയും സർക്കാറിന്റെ ഭാഗത്ത് നിന്നും നടപടി സ്വീകരിക്കണമെന്നും അറിയിച്ചിരിക്കുന്നു.

2. 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം കർഷകത്തൊഴിലാളി പെൻഷൻ നൽകിയിട്ടില്ല. എന്നാൽ സേവന പരിശോധിച്ചതിൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തിരിക്കുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20/2022) ക്രമ നം 2 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതും അധികമായി തുക നൽകിയ മറ്റ് വ്യക്തികളുടെ വിവരവും ഉൾപ്പെടുത്തി തുക ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2022 മുതൽ 15.02.2022 | 2021-2022 | 08.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2020 മുതൽ 03.07.2020 വരെ | 2015-16 മുതൽ 2019-20 വരെ | 27.08.2020 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.04.2020-ാം തീയതി 2:00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 104166/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 574015 | 1429017 | 2003032 | 1993686 | 9346 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 50999908 | 50999908 | 50999908 | 0 |
| ആകെ | 574015 | 52428925 | 53002940 | 52993594 | 9346 |

എം.ജി.എൻ.ആർ.ഇ.ജി.എസ്- മെറ്റീരിയൽ വർക്ക് - അപാകതകൾ

1) മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽ പർച്ചേസിന് ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.16) പ്രസ്തുത രേഖകൾ State Mission നിർദ്ദേശപ്രകാരം Software Updation-ന്റെ ഭാഗമായി

നൽകിയിരിക്കുന്നതിനാൽ അവ തിരികെ ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. രേഖകൾ ലഭ്യമാക്കാത്തതിനാൽ മെറ്റീരിയൽ പർച്ചേസ് ചെയ്തത് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ ജി.എസ്.ടി ബില്ല് ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല. ജി.എസ്.ടി. ബില്ല് എല്ലാ ഫയലുകളിലും സൂക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

3) മെറ്റീരിയൽ ഉപയോഗം എം-ബുക്ക് പ്രകാരമുള്ളതും, സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിന്റെ പേര് | ഇനം | എം-ബുക്ക് പ്രകാരമുള്ള അളവ് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള അളവ് |
|---|---|---|---|
| പുകവല്ലിയൂർകോണം ചർച്ച് നടപ്പാതകൾ നിർമ്മാണം | 10 Mm Metal | 5.5 | 5.4 |
| | 40 Mm Metal | 32 | 31.5 |
| | Portland Cement | 16.5 T | 16 T |
| | Good Earth | 90 | 74 |
| കുറിഞ്ചിമല കട്ടയ്ക്കാൽ നടപ്പാത നിർമ്മാണം | 20 Mm Metal | 27 | 28 |
| | 40 Mm Metal | 31 | 33.32 |
| | Course Sand(Zone III) | 33 | 34.5 |
| അബ്ദുൾകലാം- പാവൻകോട് റോഡ് നിർമ്മാണം | 10 Mm Metal | 0.49 | 0.5 |
| | 20 Mm Metal | 12 | 12.5 |
| | 40 Mm Metal | 29 | 31.2 |
| | Course Sand(Zone III) | 22 | 23 |
| | Good Earth | 80 | 84 |

സ്റ്റോക്ക് രജിസ്റ്റർ എഴുതിയതിലെ അപാകതയാണ് ഇപ്രകാരം പൊരുത്തപ്പെടാത്തതിന് കാരണമെന്നും, അപാകത പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരണം നൽകുകയുണ്ടായി(ഓഡിറ്റ് എൻക്വയറി നം.16). സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തത് മോണിറ്ററിംഗിന്റെ അഭാവമായി വിലയിരുത്തുന്നു.

4) 'പുന്നത്തോട് ബണ്ട് റോഡ് നിർമ്മാണം ' എന്ന പ്രവൃത്തിയുടെ എം-ബുക്ക് പരിശോധിച്ചതിൽ മെറ്റീരിയലിന് അധിക തുക നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| എം-ബുക്ക് (പേജ് 1, 2)പ്രകാരം സ്റ്റോക് ചെയ്ത/ഉപയോഗിച്ച മെറ്റീരിയൽ | | | |
|---|---|---|---|
| ഇനം | അളവ് | റേറ്റ് | തുക |

| എം-ബുക്ക് (പേജ് 1, 2)പ്രകാരം സ്റ്റോക് ചെയ്ത/ഉപയോഗിച്ച മെറ്റീരിയൽ | | | |
|---|---|---|---|
| | | | |
| 10 Mm Metal | 5.50 $M^3$ | 2257.5 | 12416.25 |
| 20 Mm Metal | 29 $M^3$ | 2184 | 63336 |
| 40 Mm Metal | 33 $M^3$ | 1701 | 56133 |
| M-sand | 35 $M^3$ | 2925.3 | 102385.5 |
| Portland Cement | 16 T | 7900 | 126400 |
| Earth | 85 $M^3$ | 47.2 | 4012 |
| ആകെ മെറ്റീരിയലിന് ചെലവായ തുക | | | 364682.75 |

എന്നാൽ 384716/- (എം-ബുക്ക് പേജ് 11)രൂപ മെറ്റീരിയലിന്റെ തുകയിനത്തിൽ കരാറുകാരന് നൽകിയിട്ടുണ്ട്.

എം-ബുക്കിൽ സ്റ്റോക്ക് ചെയ്ത് ഉപയോഗിച്ചിരിക്കുന്ന മെറ്റീരിയലിന് പുറമെ Sharpening, Display Board, Vibrator, Hire Charge Of Mixer എന്നിവയുള്ള ചെലവുകൂടി ഉൾപ്പെട്ട തുകയാണ് കരാറുകാരന് നൽകിയതെന്നാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നം.32). ചെലവുകൾ കൃത്യമായി എം-ബുക്കിൽ രേഖപ്പെടുത്താൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

5) <u>കരാറുകാരിൽ നിന്ന് നിയമാനുസൃത റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല.</u>

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ 2020-21 വർഷം പേയ്മെന്റ് നൽകിയിട്ടുള്ള മെറ്റീരിയൽ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്ന് നിയമാനുസൃത ടി.ഡി.എസ്. ഈടാക്കി ഒടുക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി. 9 നുള്ള മറുപടി) . വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയലിന് നൽകിയ തുക | കരാറുകാരനിൽ നിന്ന് ഈടാക്കിയ ടി.ഡി.എസ് |
|---|---|---|---|
| അബ്ദുൾകലാം- പാവംകോട് റോഡ് നിർമ്മാണം | ശ്രീ.വിനോദ്കുമാർ.കെ | 226906 | 4538 |
| കുറിച്ചുലുമൺ കട്ടയ്ക്കാൽ നടപ്പാത നിർമ്മാണം | | 362809 | 7256 |
| കുണ്ടുവിളാകം റോഡ് സംരക്ഷണം | | 352948 | 7059 |
| വെള്ളേക്കോണം കുളത്തിൻകര റോഡ് നിർമ്മാണം | | 310581 | 6212 |
| പുകവല്ലിയൂർക്കോണം ചർച്ച് നടപ്പാത നിർമ്മാണം | | 378948 | 7579 |
| പുത്തൻതോട് ബണ്ട് റോഡ് നിർമ്മാണം | ശ്രീ.പ്രഭാതചന്ദ്രൻ നായർ | 384716 | 7694 |

| പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയലിന് നൽകിയ തുക | കരാറുകാരനിൽ നിന്ന് ഈടാക്കിയ ടി.ഡി.എസ് |
|---|---|---|---|
| | | | |

കരാറുകാരിൽ നിന്നും റ്റി.ഡി.എസ് ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ആഭ്യന്തരനിയന്ത്രണത്തിന് ചില പോരായ്മകൾ കാണുന്നു.

1) 2020ൽ നടത്തിയ ജനറൽ കമ്മറ്റി മീറ്റിംഗുകളിൽ 9 എണ്ണത്തിന്റെ മിനിട്ട്സ് മാത്രമാണ് സകർമയിൽ ചേർത്തിട്ടുള്ളത്. ബാക്കി മീറ്റിംഗുകളുടെ മിനിട്ട്സ് പ്രത്യേക രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം ബജറ്റ് പാസാക്കിയത് സകർമ മിനിട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. ബജറ്റ് പാസാക്കിയ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു. ജനറൽ കമ്മറ്റി മീറ്റിംഗുകളുടെ മിനിട്ട്സ് സകർമയിൽ മാത്രം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

2) തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. കാർഷിക വിപണന കേന്ദ്രം കടകൾ വാടകയ്ക്കു നൽകാതെ ഒഴിഞ്ഞു കിടക്കുന്നതിനാൽ വാടക ഇനത്തിലെ വരവ് നഷ്ടമാകുന്നു. മൊബൈൽ ടവറുകളുടെ കെട്ടിട നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പഞ്ചായത്ത് പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തന്മൂലം വർഷങ്ങളായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നില്ല. ലേലത്തിനു നല്കിയ കുളങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നില്ല. വസ്തു നികുതി ഈടാക്കുന്നതിൽ കുറവ്.

3) വെള്ളക്കരം ഒടുക്കുന്ന പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി ഉപയുക്തമായവയുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

4) സ്പിൽ ഓവർ ആകുന്ന പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കുന്നില്ല.

5) പഞ്ചായത്ത് കെട്ടിടത്തിന്റെ പരിസരവും കാര്യാലയത്തിനുള്ളിലെ പല ഭാഗങ്ങളും വളരെ വൃത്തിഹീനമായ അവസ്ഥയിലാണ്. പഞ്ചായത്തിന്റെ മൊത്തം ശുചിത്വം ആസൂത്രണം ചെയ്തു നടപ്പാക്കാൻ ചുമതലപ്പെട്ടവരുടെ ആസ്ഥാനത്തിന്റെ ശോചനീയാവസ്ഥ അപലപനീയമാണ്. പഞ്ചായത്ത് ആസ്ഥാനം വൃത്തിയായും ചിട്ടയായും സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി, സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്. എന്നാൽ, 2020-21 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1) വുമൺ കോ-ഓപ്പറേറ്റീവ് സംഘം വിഴവൂർ

2) ഡിവൈൻ ആയുർവേദിക് ഹോസ്പിറ്റൽ, പിടാരം

3) എസ് പി കൺവെൻഷൻ സെന്റർ, പേയാട്

4) സെന്റ് സേവിയേഴ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

5) സെന്റ് മേരീസ് സെൻട്രൽ സ്കൂൾ, പൊറ്റയിൽ

6) പത്മനാഭ ഓഡിറ്റോറിയം

7) ബി കെ ഓഡിറ്റോറിയം

8) ശ്രുതിലയം ഓഡിറ്റോറിയം

9) വിളവൂർക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

10) വിളപ്പിൽ ക്ഷീര സഹകരണ സംഘം

11) പാമാംകോട് ക്ഷീര സഹകരണ സംഘം

12) വെൺമാറനല്ലൂർ ക്ഷീര സഹകരണ സംഘം

13) വിളവൂർക്കൽ ക്ഷീര സഹകരണ സംഘം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/ 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -അപാകതകൾ

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. അതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-11-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. കുടിശിക തുക ഉൾപ്പെടെയുള്ളവ ഈടാക്കുന്നതിനായി പഞ്ചായത്തിന്റെ ഭാഗത്തു നിന്നു സ്വീകരിച്ച നടപടി വിശദീകരിക്കണമെന്നു ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 27/2022 നു ലഭ്യമാക്കിയ മറുപടി വിശദാംശങ്ങൾ സഹിതം ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | അടവാക്കുവാനുള്ള കാലയളവ് | ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 8/131 | Reliance Tower | 2013-14 മുതൽ 2017-18 വരെയുള്ള എല്ലാ രണ്ട് അർദ്ധവർഷങ്ങളും 2019-20 ലെ രണ്ടാം അർദ്ധവർഷവും 2020-21ലെ രണ്ട് അർദ്ധവർഷവും | 2013-14 മുതൽ 2019-20 വരെയുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ട്. |
| 8/132 | BSNL | 2013-14 മുതൽ 2020--21 വരെ | കുടിശ്ശിക ഈടാക്കുന്നതിനു നടപടി സ്വീകരിച്ചിരിക്കുന്നതാണ്. |
| 11/563/A | Wireless.T.T,Info Services Ltd | 2011-12 മുതൽ 2018-19 വരെയുള്ള എല്ലാ രണ്ട് അർദ്ധവർഷങ്ങളും 2019-20 ലെ രണ്ടാം അർദ്ധവർഷവും2020-21 ലെ ഒന്നാം അർദ്ധവർഷം വരെ | 2011-12 മുതൽ 2019-20 വരെയുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ട്. |

എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചപ്പോൾ നിലവിലും കുടിശ്ശികയുള്ളതായി കാണുന്നു.

2013-14 കാലയളവ് മുതൽ കുടിശികയുള്ള തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി ഈടാക്കിയതിൽ കുറവ്- 10552.60 രൂപ നഷ്ടം.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയത് കുറവായി കാണുന്നു. വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും അംഗീകൃത നിരക്കിലല്ല വസ്തു നികുതി ഈടാക്കിയിരിക്കുന്നത്. വിശദ വിവരം ഖണ്ഡിക 2-1 ൽ.

## 1-13 റദ്ദാക്കിയ രസീതുകളിലെ തുകകൾ കളക്ഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

താഴെപ്പറയുന്ന റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Owner Details | Receipt ID | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|
| 1 | 3 | 352 | അന്നമ്മ നൈനാൻ ജോർജ് /ലാൽജി ജോർജ്ജ് (അങ്ങാടിപ്പാട്ട്, തുഷാരം, പെരുകാവ് പി. ഒ, 695573, | 902127 | 120040101702 | 29/06/2020 | 2020 | 700 |
| 2 | 12 | 518 | ശ്രീലേഖ എസ് നായർ ശ്രീവിഹാർ, വെള്ളത്തറത്തല, മലയം പി ഒ | 909078 | 120040101702 | 29/06/2020 | 2020 | 103 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 29/22 ന മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ രസീതുകൾ സഞ്ചയയിൽ തന്നെ ക്യാൻസൽ ചെയ്യേണ്ടതും ക്യാൻസൽ ചെയ്യുന്ന സമയത്തുതന്നെ വെരിഫൈ ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ്- അപാകങ്ങൾ

1994- ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 269 മുതൽ 271 വരെ, കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1999 എന്നിവ പ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

1. ഡോ.ജിതിൻ രാജീവ്, ക്രൗൺ ഡെന്റൽ ക്ലിനിക്, പള്ളിമുക്ക്
2. ശ്രീ.വിജയൻ.പി, ആയുർവേദിക് ഫുട്ട്തെറാപ്പി സെന്റർ
3. ഡോ.ജയൻ, ഡിവൈൻ ആയുർവേദിക് ഹോസ്പിറ്റൽ
4. ശ്രീ.സനു ഇ, ആയുർവേദ തെറാപ്പി സെന്റർ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 മത്സ്യകൃഷിക്കായി നൽകിയ കുളങ്ങളുടെ ലേല തുക ഈടാക്കിയിട്ടില്ല.

മത്സ്യകൃഷി പാട്ടത്തിന് കുളങ്ങൾ നൽകിയ ഇനത്തിൽ ഓഡിറ്റ് വർഷം ലേല രജിസ്റ്റർ പ്രകാരം 9 കുളങ്ങൾ സുഭിക്ഷ

കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പാട്ടത്തിന് നൽകിയിട്ടുണ്ട്.

| ക്രമ നം. | കുളം | നൽകിയ വ്യക്തിയുടെ പേര് | കമ്മിറ്റി തീരുമാനം | രസീത് നമ്പർ |
|---|---|---|---|---|
| 1 | വിഴവൂർക്കുളം | സെക്രട്ടറി, ശ്രീ.ജയൻനായർ, മോഡൽ ഗ്രന്ഥശാല, വിഴവൂർ | 1/6,06.07.20 | 120040101996, 24.07.2020 |
| 2 | വെളൈക്കോണം കുളം | സെക്രട്ടറി, അജിത്കുമാർ, വെള്ളയക്കരി കർഷക സമിതി, ചൂഴാറ്റുകോട്ട, മലയിൻകീഴ് പി ഒ | 1/8, 06.07.20 | 120040102192, 13.08.2020 |
| 3 | കാരാകോട്ടുകോണം കുളം | സോളമൻ, അഖിൽ ഭവൻ, കാരാട്ടുകോണം | 1/8, 06.07.20 | 120040102949, 01.10.2020 |
| 4 | കുരിശുമുട്ടം-കവലോട്ടുകോണം കുളം | റിനു ജോൺ.ജെ, വിൽസ് നിവാസ്, കവലോട്ടുകോണം, പെരുകാവ് പി ഒ | 1/8, 06.07.20 | ഈടാക്കിയിട്ടില്ല |
| 5 | തോട്ടത്തിൽ കുളം | റ്റി.സൈമൺ, ശാരോൺ കോട്ടേജ്, പൊറ്റയിൽ, പെരുകാവ് പി ഒ | 1/6, 06.07.20 | 120040101996, 24.07.2020 |
| 6 | കുശവൂർക്കോണം കുളം | ജെറിൽ എസ് ജോളി, ബെഥേൽ ഹൗസ്, മാവുവിള, പെരുകാവ് പി ഒ | 3/1, 15.09.20 | ഈടാക്കിയിട്ടില്ല |
| 7 | ചിറയിൽക്കുളം | സെക്രട്ടറി, ജിനേഷ് ജയൻ, ഇ എം എസ് ക്ലബ്, മലയം | 3/1, 15.09.20 | 120040103138, 14.10.2020 |
| 8 | മായിക്കോണം കുളം | നേശൻ, പി എസ് സദനം, കരിയറവിള, പാലോട്ടുവിള, മലയം | 3/1, 15.09.20 | ഈടാക്കിയിട്ടില്ല |
| 9 | പീച്ചോട്ടുകോണം കുളം | നിപുൺ എസ് രാജ്, അരുൺ ഭവൻ, വിഴവൂർ, മലയം | 3/1, 15.09.20 | ഈടാക്കിയിട്ടില്ല |

എന്നാൽ, 4 കുളങ്ങളുടെ ലേലക്കാരിൽ നിന്നും ലേല തുക ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന ലേലത്തുകകൾ പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈസൻസ് അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ ലൈസൻസുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-16-1 ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായകമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ്തല പരിശോധന നടത്തി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 ൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കുവാൻ പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്ത കടകളുടെ എണ്ണം 244, 2020-21 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള കടകളുടെ എണ്ണം 237, 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള കടകളുടെ എണ്ണം 270 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-16-2 മെഷീൻ ഫീസ് ഈടാക്കിയതിൽ കുറവ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 18, 19 പട്ടിക 3 എന്നിവ പ്രകാരമുള്ള യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ചുള്ള ഫീസ് ചുവടെ ചേർക്കുന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല.

| പേര് | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| ബിനു എൻ | ബി ബി ആനന്ദ് ഹോളോബ്രിക്സ് യൂണിറ്റ് | 22 HP | 300/- | 200/- | 100/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ, പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് പുനപരിശോധിച്ച്, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ചുള്ള ഫീസ് ഈടാക്കി ക്രമീകരിക്കേണ്ടതാണ്.

### 1-16-3 സ്ഥാപനങ്ങൾക്ക് കുറഞ്ഞ കാലയളവിലേയ്ക്ക് മാത്രം ലൈസൻസ് അനുവദിക്കുന്നു.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന കാലാവധി വരെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പേര് | സ്ഥാപനം | ലൈസൻസ് അനുവദിച്ച കാലാവധി |
|---|---|---|---|
| 1 | എൻ കെ ഗോപാലകൃഷ്ണൻ | ശാസ്താ ഫ്യൂവൽ പോയന്റ് | 31.12.2020 |
| 2 | രാജീവ് എൻ | നവജ്യോതി എഞ്ചിനീയറിംഗ് വർക്ക്സ് | 01.11.2020 |
| 3 | കൃഷ്ണൻകുട്ടി | എസ് കെ ടൈൽസ് & ഗ്രാനൈറ്റ്സ് | 03.08.2020 |
| 4 | സജ്ജാദ് കെ | ഐശ്വര്യ ഫുഡ് പ്രോഡക്സ് | 05.06.2020 |
| 5 | സെന്തിൽ എം | സെന്തിൽ എഗ്ഗ് സ്റ്റോർ | 01.09.2020 |

| ക്രമ നമ്പർ | പേര് | സ്ഥാപനം | ലൈസൻസ് അനുവദിച്ച കാലാവധി |
|---|---|---|---|
| 6 | അർഷാദ് | അറഫ കർട്ടൻ വേൾഡ് | 26.11.2020 |
| 7 | ആശ പ്രവീൺ | ഇലോന സ്കിൻ കെയർ ആന്റ്ഡ് സ്പാ ലേഡീസ് ബ്യൂട്ടീപാർലർ | 17.01.2021 |
| 8 | ചാക്കോ ജോർജ്ജ് | എറോടെക്ക് ലെയ്ത്ത് വർക്ക്ഷോപ്പ് | 01.09.2020 |
| 9 | ജോസ് ജെ | ഹാപ്പി ഫ്രണ്ട്സ് | 05.02.2021 |
| 10 | അമൽ എൻ | മുന്ന സൂപ്പർമാർക്കറ്റ് | 11.12.2020 |
| 11 | അനിൽകുമാർ ബി | രുദ്രാഷ് സ്റ്റോർ | 09.02.2021 |
| 12 | ലതികാദേവി | ലച്ചു സ്റ്റോഴ്സ് | 11.11.2020 |
| 13 | ശാലിനി | വി ഹെൽപ്പ് ഓൺലൈൻ സൊല്യൂഷൻ | 30.08.2020 |

മേൽ കാലാവധിയ്ക്ക് ശേഷം പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിച്ചതിന്റെയും ലൈസൻസ് കാലാവധി നീട്ടി നൽകിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങൾക്ക് കുറഞ്ഞ കാലയളവിലേയ്ക്ക് മാത്രം ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16-4 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

റേഷൻ കടകളിൽനിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16-5 വർഷങ്ങളായി പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. 2020-2021 വർഷത്തെ ലൈസൻസിനുള്ള അപേക്ഷയിൽ മുൻവർഷത്തെ ലൈസൻസ് വിവരങ്ങളായി 2017-18, 2018-19 എന്നിങ്ങനെയാണ് കാണുന്നത്. എന്നാൽ, 2020-2021 വർഷത്തെ ലൈസൻസ് നൽകിയപ്പോൾ മുൻ വർഷങ്ങളിലെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരമുള്ള മുൻ വർഷത്തെ ലൈസൻസ് വിവരങ്ങൾ |
|---|---|---|---|
| 1 | സജീന എം | ന്യൂ ഗ്ലാസ് ഹൗസ് | 2017-18 |
| 2 | ആശ ആർ | പവിത്രം ജ്വവലേഴ്സ് | 2018-19 |
| 3 | - | കൈലാസ് ട്രേഡേഴ്സ് | 2017-18 |
| 4 | ഗോപകുമാർ ബി | മഹാദേവ ഫ്ലവർ മാർട്ട് | 2018-19 |

| ക്രമ നമ്പർ | പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരമുള്ള മുൻ വർഷത്തെ ലൈസൻസ് വിവരങ്ങൾ |
|---|---|---|---|
| 5 | വിനിത വി | ഗേൾസ് ബ്യൂട്ടി കെയർ | 2018-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 232 (1) ലൈസൻസ് കൂടാതെ ഏത് ആവശ്യത്തിനും സ്ഥലം ഉപയോഗിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16-6 അപേക്ഷകളുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2020-2021 വർഷം ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ, ലൈസൻസിന് ഫീസ് ഈടാക്കിയതിന്റെയോ, ലൈസൻസ് അനുവദിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ലില്ലിക്കുട്ടി എ.ആർ, മലയ്ക്കൽ ഹൗസ്, കുണ്ടമൺഭാഗം | മലയ്ക്കൽ സാമിൽ |
| 2 | പ്രകാശ് ജി എസ്, അനശ്വര, കരിപ്പൂര്, മലയിൻകീഴ് പി.ഒ | അമ്മ മെഡിക്കൽസ് |
| 3 | പ്രകാശ് ജയൻ വി, വൈജയന്തി, കറുകച്ചാൽ പി.ഒ | അമ്മൂസ് ഷോപ്പി |
| 4 | ഗോപൻ ആർ, ചേഴവിള പുത്തൻവീട്, കുണ്ടമൺഭാഗം, പേയാട് പി.ഒ | ആറ്റുകാൽ എഞ്ചിനീയറിംഗ് |
| 5 | ഗോപകുമാർ ബി, ഉഷാഭവൻ, പിണവൂർക്കോണം, പേയാട് പി.ഒ | മഹാദേവ ഫ്ലവർമാർട്ട് |
| 6 | വിനീത് എസ് എസ്, വിനീത് ഭവൻ,എസ്.ബി.ഐക്ക് എതിർവശം, പേയാട് പി.ഒ | കമല സൈബർ കഫേ |
| 7 | സുനിൽകുമാർ.എൻ, മേലേമഠം, തിരുമല | ഗ്രാന്റ് ഗാർമെന്റ്സ് & മ്യൂസിക്ക് |
| 8 | വിനീത് എസ്.എസ്, മിനിഭവൻ, പേയാട് പി.ഒ | കമല ഫ്ലെക്സ് & വിനയിൽ പ്രിന്റിംഗ് |
| 9 | സുനിൽകുമാർ.എസ്, വി.എം സ്റ്റോർ, ചന്തമുക്ക് | വി.എം സ്റ്റോർ |

| ക്രമ നം. | പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| | | |
| 10 | എം.അബ്ദുൾ കരീം, ഹിദായത്ത് മൻസിൽ, പള്ളിമുക്ക്, പേയാട് പി.ഒ | മോഡേൺ ബിൽഡേഴ്സ് |
| 11 | മോഹനൻ നായർ, ചിറക്കോണം, പേയാട് പി ഒ | രശ്മി സ്റ്റോഴ്സ് |
| 12 | രാമചന്ദ്രൻ നായർ, അമൃതം, കുളങ്ങരക്കോണം, മച്ചേൽ, മലയിൻകീഴ് | അമൽ. എം |
| 13 | അഭിലാഷ് എൽ, കലാഭവൻ, പുറ്റുമൽക്കോണം, വിളപ്പിൽശാല | ഈക്വൽസ് ടെക്ക് |
| 14 | രാജീവ്.എ, ഹെലൻ കോട്ടേജ്, കുഴിവിള, പെരുകാവ് പി.ഒ | ജെർമി ചിക്കൻ സ്റ്റാൾ |
| 15 | സൈമൺ.കെ, വാഴവിള, മലയം | തട്ടുകട |
| 16 | മാഹിൻ.എ, ജനനി ഹൗസ്, കാലടിത്തലയ്ക്കൽ, മണികണ്ഠേശ്വരം | ഇറാനി ഫാസ്റ്റ് ഫുഡ് |
| 17 | കെ.ശ്രീകുമാരൻനായർ, കുറിച്ചിൽവിള വീട്, മലയം പി.ഒ | ദുർഗ്ഗ റ്റീ സ്റ്റാൾ |
| 18 | വസന്ത, തേരിവിള പുത്തൻവീട്, പെരുകാവ് പി.ഒ | വി.എസ് സ്റ്റോഴ്സ് |
| 19 | ലളിതാഭായി, ആശഭവൻ, മുക്കോല, വെങ്ങാനൂർ പി ഒ | സെഞ്ചറി സ്റ്റീൽ ഫർണിച്ചർ, മാർജിൻ ഫ്രീ മാർക്കറ്റ് |
| 20 | പ്രസാദ് കെ കെ, കൃഷ്ണാ നിവാസ്, പുന്നയ്ക്കാമുഗൾ, ആനമട പി.ഒ | എസ്.പി ഫ്ലോർ മിൽ |
| 21 | കുമാരി ബിന്ദു എ, മുല്ലവിളാകത്ത് വീട്, അണ്ണൂർ, തിരുമല പി ഒ | വെൽനസ് ഫാർമ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ലൈസൻസ് അനുവദിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥലപരിശോധന നടത്തി അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായും അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടും സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുവാൻ സാധ്യതയുണ്ട്. ആയതിനാൽ മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16-7 വളർത്തു മൃഗങ്ങളുടെ ലൈസൻസ് - അപാകതകൾ

1) ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം വളർത്തുനായകളുടെ ലൈസൻസ് ഇനത്തിൽ ആകെ വരവ് 125/-രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഈയിനത്തിലുള്ള ആകെ വരവ് 90/- രൂപ.

2) വളർത്തു മൃഗങ്ങളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം വളർത്തു നായ്ക്കൾക്ക് 10/-, 15/-, 20/- എന്നിങ്ങനെ വ്യത്യസ്ത നിരക്കിലാണ് ഫീസ് പിരിച്ചിട്ടുള്ളത്.

3) സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിൽ ലൈസൻസുള്ള 60 നായകൾ ഉണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്.

വളർത്തു മൃഗങ്ങളുടെ ലൈസൻസ് പിരിവിലെ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 19/23-04-22ന് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് പിരിവ് ഊർജിതപ്പെടുത്തുന്നതിനുള്ള നടപടികൾക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഇ-ടെണ്ടർഫോം വില ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർഫോം വിലയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം.10) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കേണ്ടതും, ആയത് ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-18 അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ പ്രത്യേകം സേവിംഗ്സ് അക്കൌണ്ട്- രേഖകൾ ലഭ്യമാക്കേണ്ടതാണ്.

അസി.എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക, വരവ്-ചെലവ് വിശദാംശം, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.10) ബാങ്ക് സ്റ്റേറ്റ്മെന്റ് ബാങ്കിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്.

അക്കൗണ്ട് സംബന്ധിച്ച രേഖകൾ പരിശോധനയക്ക് ലഭ്യമാക്കേണ്ടതും നീക്കിയിരിപ്പ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്.

## 1-19 പഞ്ചായത്ത് ലൈബ്രറി നടത്തിപ്പ്-അപാകതകൾ

ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള പഞ്ചായത്ത് ഗ്രന്ഥശാലയുടെ പ്രവർത്തനം വളരെ പരിതാപകരമാണ്. സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈബ്രറിയിൽ 155 പേരാണ് ആകെ അംഗങ്ങളായിട്ടുള്ളത്. 12/2021-ന് ശേഷം അംഗങ്ങൾ മാസവരി അടച്ച് അംഗത്വം പുതുക്കുകയോ, പുതിയ അംഗങ്ങൾ ചേരുകയോ ചെയ്തിട്ടില്ല.

2. ലൈബ്രറിയിൽ ആകെയുള്ള 1408 പുസ്തകങ്ങളിൽ കാലഹരണപ്പെട്ട് ഉപയോഗശൂന്യമായവയും ഉൾപ്പെടുന്നു. ഉപയോഗശൂന്യമായ പുസ്തകങ്ങൾ മാറ്റി പകരം പുതിയവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

3. 2007-08 ന ശേഷം ലൈബ്രറിയിൽ പുതിയ പുസ്തകങ്ങൾ വാങ്ങിച്ചിട്ടില്ല.

4. വർഷാവസാനം പുസ്തകങ്ങളുടെ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.30/26-04-22 അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും 2021-22 വർഷം ഗ്രന്ഥശാലയ്ക്കു പുസ്തകങ്ങൾ വാങ്ങുന്നതിന് രൂപീകരിച്ച പദ്ധതി ഫണ്ടിന്റെ അപര്യാപ്തത മൂലം ഭരണസമിതി റദ്ദാക്കിയെന്നും മറുപടി ലഭ്യമാക്കി.

ലൈബ്രറിയുടെ സുഗമമായ പ്രവർത്തനം പഞ്ചായത്തിന്റെ പൊതുആവശ്യമായി കണക്കാക്കി ആയതിന ആവശ്യമായ നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി- മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ- 353/21

പ്രോജക്റ്റിന്റെ പേര്- ലൈഫ് ഭവനം അഡീഷണൽ ലിസ്റ്റ് പട്ടികജാതി/ പട്ടികവർഗ്ഗം/ ഫിഷറീസ് ഡിപ്പാർട്ട്മെന്റ്

അടങ്കൽ –20,00000/- രൂപ
നിർവ്വഹണഉദ്യോഗസ്ഥൻ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ചെലവ് – 5,80,000/- രൂപ

ബിൽ നം./തീയതി- 28/24.02.2021- 120000/-

പ്രസ്തുത പദ്ധതി പ്രകാരം ശ്രീമതി.മായാദേവി.ആർ, മണലുവിള വീട്, വിളവൂർക്കൽ, മലയിൻകീഴ് പി.ഒ എന്ന വ്യക്തിയ്ക്ക് അഡ്വാൻസായി 40000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, പണി ആരംഭിച്ചതിന്റേയോ പൂർത്തീകരിച്ചതിന്റേയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/21.04.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താവിന് 17.02.2021-ന് അഡ്വാൻസ് തുകയായ 40000/-രൂപ നൽകിയതായും, തുക കൊണ്ട് ബെയ്സ്മെന്റ് പണി തുടങ്ങിയതായും അറിയിച്ചു. ശ്രീമതി.മായാദേവി ഭവന നിർമ്മാണ പ്രവർത്തനങ്ങൾ തുടരാത്തതിനാൽ ടിയാൾക്ക് എതിരെ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചതായും തുക പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണെന്ന വിവരം ഗുണഭോക്താവിനെ തപാൽ വഴി അറിയിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി.

വീട് നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ് അല്ലാത്തപക്ഷം മുൻകൂർ നൽകിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും അനിവാര്യമാണ്.

## 1-21 വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാത്തതിനാൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പദ്ധതികൾക്ക് അധിക തുക ചെലവഴിച്ചു.

സർക്കാർ ഉത്തരവ് (പി)നം30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. 01.01.2017 മുതൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി ഒടുക്കു വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്ന് ഡിബി 9058/17സി.ഇ /ത.സ്വ.ഭ.വ.തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായ ഗുണഭോക്തൃസമിതി മുഖേന നിർവഹിച്ച പ്രവൃത്തികളിൽ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും 5% തുക കുറവ് ചെയ്തിട്ടില്ല. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ 2020- 21 ൽ ചെലവ് വന്നിട്ടുള്ളത് 13 പ്രവൃത്തികൾക്കാണ്. ഇതിൽ 6 പ്രവൃത്തി ഫയലുകൾ ഉദാഹരണമായെടുത്ത് തുക അധികം നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | കൺവീനർ | എം.ബുക്ക് നമ്പർ | അടങ്കൽ | ചെലവ്, ബിൽ നം | ആകെ പ്രവൃത്തി മൂല്യം | കൺവീനർക്ക് നൽകേണ്ട തുകയിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന തുക (ആകെ പ്രവൃത്തി മൂല്യത്തിന്റെ5% |
|---|---|---|---|---|---|---|---|
| 1 | 172/21 (135 ാം നം. അംഗൻവാടി മെയിന്റനൻസ്) | ശ്രീമതി ശുഭ | 203/201-21 | 100000/- | 99634/- (94/18.1.21) | 99634 | 4982 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 250/21 (അങ്കണവാടി കെട്ടിടനിർമ്മാണം- വാർഡ് 6) | കുമാരിസുചിത്ര | 603/19-20, 89/19-20, 727/19-20 | 1000000/- | 999690/- (58/7.9.20- 360246/-, 61/28.9.20-270604, 72/28.10.20-6910/-, ചെക്ക് നം.2295057/ 6.11.20- 299690/- | 999690 | 49985 |
| 3 | 129/21 (126 ാം നം. അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം) | കുമാരി സുചിത്ര | 894/19-20, 112/20-21 | 700000/- | 699654/- (49/20.8.20-311793/-, 91/13.1.21- 387861/-) | 699654 | 34983 |
| 4 | 213/21 (134 ാം നം. അങ്കണവാടി മെയിന്റനൻസ്) | ശ്രീമതി മഞ്ജുള.ആർ | 670/19-20 | 200000/- | 197696/- (51/28.8.20-107623/-, 29/21.4.20-90073/-) | 197696/- | 9885 |
| 5 | 132/21 (127 ാം നം. അങ്കണവാടി പുനരുദ്ധാരണം) | ശ്രീമതി വിജയമ്മ.ആർ | 898/20-21 | 300000/- | 299979/- (63/28.9.20) | 299979/- | 14999 |
| 6 | 241/21 (അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം) | ശ്രീമതി വിജയമ്മ.ആർ | 320/19-20 | 390000/- | 346243/- (13/23.4.20) | 346243/- | 17312 |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.10) 2020-21 വർഷത്തെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും മറുപടി ലഭ്യമാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്.

മേൽ പട്ടിക ഉദാഹരണമായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 വർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മുഴവൻ പ്രവൃത്തികളുടേയും കൺവീനർമാരിൽ നിന്നും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-22 എം.സി.എഫ് കെട്ടിടനിർമ്മാണം- പദ്ധതി ലക്ഷ്യം കണ്ടില്ല- 611386/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. - 287/21 (എം.സി.എഫ്.കെട്ടിട നിർമ്മാണം)

അടങ്കൽ - 2225000/- (225000/- (ധനകാര്യകമ്മീഷൻ അവാർഡ്), 2000000/- (ശുചിത്വമിഷൻ ഗ്രാന്റ്))

ചെലവ് - 1026961/- (എം.-ബുക്ക് പ്രകാരം) [2019-20 ലെ ചെലവ്- 165035/- (ചെക്ക് നം.2259993/30.03.2020), 2020-21 ലെ ചെലവ്- 611386/-(ചെക്ക് നം. 491944/11.1.2020)[2021-22 -250540/- (ചെക്ക് നമ്പർ ലഭ്യമായിട്ടില്ല. )]

കരാറുകാരൻ - ശ്രീ.വിനോദ്കുമാർ.കെ

എം-ബുക്ക് - 87/19-20
നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

എം.സി.എഫ്. കെട്ടിടം നിർമ്മാണം, കോംപൌണ്ട് വാൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ 2225000/- രൂപ അടങ്കലിൽ അംഗീകാരം വാങ്ങിയ പ്രോജക്ട് എസ്റ്റിമേറ്റ് പ്രകാരം എം.സി.എഫ് കെട്ടിടവും, കോംപൌണ്ട് വാൾ നിർമ്മാണത്തിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ ക്വട്ടേഷൻ ലഭിച്ച ആദ്യകരാറുകാരൻ മരണപ്പെട്ടതിനാൽ റീ-ടെണ്ടർ ക്ഷണിച്ചു. റീ-ടെന്ററിൽ ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ മുഖേനയാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം 10 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മാണം മാത്രമാണ് നടത്തിയിട്ടുള്ളത്. പദ്ധതി ലക്ഷ്യമായ എം.സി.എഫ് കെട്ടിടനിർമ്മാണം നടത്തിയിട്ടില്ല എന്നത് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

2. ശുചിത്വമിഷൻ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയാണ് ചുറ്റുമതിൽ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളത്. ഇപ്രകാരം ശുചിത്വമിഷൻ ഫണ്ടുപയോഗിക്കാൻ സർക്കാർ അനുമതി ലഭ്യമാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത സ്ഥലം സംബന്ധിച്ച് ഗ്രാമപഞ്ചായത്തും സമീപത്തെ കോളനി നിവാസികളുമായി തർക്കമുള്ളതായി കാണുന്നു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ സ്ഥലം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആസ്തിയിൽ ഉൾപ്പെട്ട എന്ന് ഉറപ്പു വരുത്താതെയാണ് പ്രസ്തുത ചെലവ് ചെയ്തത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി തൻവർഷചെലവ് 611386/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 വിപണനകേന്ദ്രം- കടമുറി ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നേമം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച വിപണനകേന്ദ്രം കെട്ടിടത്തിലെ പൊതുകിണർ നവീകരണം, കോംപൌണ്ട് വാൾ നിർമ്മാണം എന്നിവയ്ക്കായി തൻവർഷം 423956/- രൂപ ചെലവഴിച്ചിട്ടുണ്ട് (നിർവ്വഹണ ഉദ്യോഗസ്ഥൻ, അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് നമ്പർ SO 302/21, SO 303/21). കൂടാതെ പ്രസ്തുത വിപണനകേന്ദ്രത്തിന്റെ ഉദ്ഘാടനത്തിനായും തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിപണനകേന്ദ്രത്തിലെ കടമുറികൾ നാളിതുവരെ ലേലം ചെയ്തിട്ടില്ല. സ്ഥലപരിശോധനയിൽ വിപണനകേന്ദ്രത്തിലെ എട്ട് കടമുറികൾ അടഞ്ഞുകിടക്കുന്നതായും, ഇതിൽ രണ്ടെണ്ണത്തിൽ ഗ്രാമപഞ്ചായത്തിലെ സി.എഫ്.എൽ.റ്റി.സി-യ്ക്കായി വാങ്ങിയ കട്ടിൽ, മെത്ത, കസേര മുതലായ സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നതായും കാണാൻ സാധിച്ചു. നിലവിൽ വിപണന കേന്ദ്രത്തിന്റെ മുറ്റത്ത് മത്സ്യവിൽപ്പനയാണ് നടത്തിവരുന്നത്. പ്രസ്തുത കെട്ടിട പരിസരം ശുചീകരിക്കുന്നതിനായി രണ്ട് ശുചീകരണതൊഴിലാളികളേയും ഗ്രാമപഞ്ചായത്ത് നിയോഗിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച വിപണനകേന്ദ്രം ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആസ്തിരജിസ്റ്ററിൽ പ്രസ്തുത വിപണനകേന്ദ്രം ഉൾപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി നം.15) രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിപണനകേന്ദ്രം സംബന്ധിച്ച് മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിപണനകേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ള സി.എഫ്.എൽ.റ്റി.സിയ്ക്കായി വാങ്ങിയ സാധനങ്ങൾ സർക്കാർ അനുമതി വാങ്ങി ആവശ്യമായ കേന്ദ്രങ്ങൾക്ക് നൽകാൻ നടപടി കൈക്കൊള്ളേണ്ടതും, കടമുറികൾ അടിയന്തിരമായി ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-24 സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയതിൽ കുറവ്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ല്യുഡി/01.02.2012) പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണമാവാത്ത പണികൾക്ക്, ദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധിക്കകം അപേക്ഷിക്കാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്താവുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018-ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. കരാർ കാലാവധി നീട്ടിക്കിട്ടാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. എന്നാൽ പണി പൂർത്തീകരിക്കാൻ 15 മാസവും 22 ദിവസവും കാലതാമസം

വരുത്തിയ കരാറുകാരനിൽ നിന്ന് ആകെ പ്രവൃത്തിമല്യത്തിന്റെ 1% പിഴ മാത്രമേ ഈടാക്കിയിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | കരാർ നം/ തീയതി | കരാറുകാരന്റെ പേര് | പ്രവൃത്തിക്ക് അനുവദിച്ച സമയം (മാസം) | എ ഗ്രീഡ് പി.എ.സി | സ്ഥലം കൈമാറിയ തീയതി | പ്രവൃത്തി പൂർത്തി ക്കിയ തീയതി | പ്രവൃത്തി പൂർത്തി യാക്കേണ്ട തീയതി | കാല താമസം | ഈടാക്കിയ പിഴ | ഈടാ ക്കേണ്ട പിഴ |
|---|---|---|---|---|---|---|---|---|---|---|
| 197/21 (വഴുതോട്ടുവിള കുളം റോഡ് പാർശ്വഭിത്തി നിർമ്മാണം വാർഡ് 15) | 78/AE/LSGD /VKL/2018-19 തീയതി.3/8/2018 | ശ്രീ.അനിൽകുമാർ.സി | 6 മാസം (സെക്ഷൻ നോട്ടീസ് പ്രകാരം) | 756074/- | 3.8.18 | 25.5.20 | 3.2.2019 | 15 മാസവും 22 ദിവസവും | 7041/- | 71743/- (15മാസത്തെ പിഴത്തുക=68047 (756074x9%), 22 ദിവസത്തെ പിഴത്തുക= 3696/- (756074x2% X 22/90 |

അപാകത സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 25) മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാനവശേഷിക്കുന്ന പിഴതുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 സോളാർ പാനൽ പ്രവർത്തനരഹിതം.

ഗ്രാമപഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും, വൈദ്യുതി തകരാറും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 2016-17, 17-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം 18 ലക്ഷം രൂപ മുടക്കി സ്ഥാപിച്ച സോളാർ പാനൽ (ഓഫ് ഗ്രിഡ്) നിലവിൽ പ്രവർത്തനക്ഷമമല്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോളാർ പാനലിന്റെ വാറന്റി കാലയളവ്, വാറന്റി പുതുക്കിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും (നം. 31) ഇത് സംബന്ധിച്ച രേഖകൾ പരിശോധനയക്ക് ലഭ്യമാക്കുകയോ, മറുപടി നൽകുകയോ ചെയ്തിട്ടില്ല.

അപാകതയ്ക്ക് അടിയന്തിരമായി വിശദീകരണം നൽകേണ്ടതും, സോളാർപാനൽ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-26 അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 30 അങ്കണവാടികളിൽ 11 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 7.8.2ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ഉൾപ്പെടെ ഉപയോഗപ്പെടുത്തി, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷനുണ്ടെങ്കിലും കുടിവെള്ള കണക്ഷനില്ലാത്ത അങ്കണവാടികളുണ്ട്. സ്വന്തമായി കിണറുള്ള അങ്കണവാടികളിൽ 12 എണ്ണത്തിനാണ് കുടിവെള്ള കണക്ഷനുള്ളത്.

ഓഡിറ്റ് എൻക്വയറി നം.2/23-03-2022 അങ്കണവാടികളുടെ ഫിറ്റ്നെസ് സാക്ഷ്യപത്രം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. എല്ലാ അങ്കണവാടികൾക്കും സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള ഫിറ്റ്നെസ് ഉറപ്പാക്കേണ്ടതാണ്.

## 1-27 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തീയതി 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (13-04-20ലെ 2-2ാം നം. തീരുമാനം) ശുപാർശ ചെയ്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഏറ്റെടുത്ത 4 സ്പിൽ ഓവർ പദ്ധതികളിൽ 3 എണ്ണം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ തുക |
|---|---|

| പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ തുക |
|---|---|
| 313-സ്നേഹ സ്പർശം<br>(മാനസിക വെല്ലുവിളി നേരിടുന്ന<br>വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്) | 1) 308750-(വികസനഫണ്ട്)<br>2) 105375-<br>(ബ്ലോക്ക് പഞ്ചായത്ത്)<br>3) 249375-<br>(ജില്ലാ പഞ്ചായത്ത്)<br>663500- |
| 314-അങ്കണവാടി അധിക വാടക | 26900-(വികസനഫണ്ട്) |
| 315-ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000-(വികസനഫണ്ട്) |

സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട നല്കിയ 14/ 22-04-22 നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നുള്ള സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-28 വെള്ളക്കരം-പൊതുടാപ്പുകളുടെ സംയുക്ത പരിശോധന.

2020-21 വർഷത്തെ ചെലവു വൌച്ചറുകൾ പരിശോധിച്ചതിൽ 5250/-രൂപ നിരക്കിൽ 238 ടാപ്പുകൾക്ക് നെയ്യാറ്റിൻകര വാട്ടർ അതോറിറ്റിയിൽ 104125/-രൂപ വെള്ളക്കരം അടച്ചുവരുന്നു. മെയ് 2020ലെ ബിൽ നം.42867/15-05-20 പ്രകാരം 30-03-20ലെ മുൻബാക്കി 8843656/- രൂപ, ഫൈൻ 173470/-രൂപ ഡിമാന്റ് 104125/-രൂപ എന്നിങ്ങനെയാണ്.

പൊതുടാപ്പുകളുടെ സംയുക്ത പരിശോധനയുടെ വിശദാംശങ്ങൾ, വെള്ളക്കരമിനത്തിൽ 8843656/- രൂപ കുടിശ്ശികയും 173470/-രൂപ ഫൈനും വന്നതിനുള്ള വിശദീകരണം എന്നിവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 18/25-04-22-ക്ക് മറുപടി ലഭ്യമാക്കിയില്ല.

ജി.ഒ.(ആർ.ടി) നം.2242/2011/തസ്വഭവ.28-09-2011 പ്രകാരം പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരം കൃത്യമാക്കി തനതു ഫണ്ട് ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-29 രജിസ്റ്ററുകളുടെ പരിപാലനം - അപാകതകൾ

1. സ്റ്റാറ്റസ് റിപ്പോർട്ട്

2017-22 വർഷത്തേക്കുള്ള സ്റ്റാറ്റസ് റിപ്പോർട്ടിൽ 2017 വർഷത്തെ വിവരങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഓരോ വർഷത്തേയും മാറ്റങ്ങൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഇൻകംബെൻസി രജിസ്റ്റർ

ജീവനക്കാരുടേയും നിർവഹണ ഉദ്യോഗസ്ഥരുടേയും സ്ഥിരം മേൽവിലാസം രേഖപ്പെടുത്തുന്നില്ല. എല്ലാ ജീവനക്കാരുടേയും പേരും ശമ്പളവും സേവനകാലയളവും മാറ്റമായി പോകുന്ന കാര്യാലയം മുതലായ വിവരങ്ങൾ ഉൾപ്പെടുന്നതോടൊപ്പം സ്ഥിരം മേൽവിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ

31-03-22 വരെയുള്ള ഡ്യൂട്ടി രജിസ്റ്റർ പരിശോധിച്ചതിൽ 18-06-20 മുതൽ 14-8-20 വരെയുള്ള രേഖപ്പെടുത്തലുകൾ സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡ്യൂട്ടി രജിസ്റ്റർ സാക്ഷ്യപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4. സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്ററിൽ തൻവർഷം ഫയൽ ചെയ്ത കേസുകൾ, കേസ്സിന്റെ വിശദാംശം, ഇവയിൽ തീർപ്പാക്കിയ കേസുകളും അവയുടെ വിശദാംശങ്ങളും വക്കീലിനു അനുവദിച്ച ഫീസ് എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവ്- 10553/- രൂപ നഷ്ടം.

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയത് കുറവായി കാണുന്നു. വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും അംഗീകൃത നിരക്കിലല്ല വസ്തു നികുതി ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/കെട്ടിട നം | ഉടമസ്ഥന്റെ പേര് (കെട്ടിടത്തിന്റെ തരം) | കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കിയ നിരക്ക് | ഈടാക്കേണ്ട നിരക്ക് | വ്യത്യാസം |
|---|---|---|---|---|---|
| പേയാട് 5/210/C | സി.എസ് .ജയകുമാർ ദമാം ടവർ, പേയാട് (വാണിജ്യാവശ്യത്തിനുള്ള 200 ച.മീ റ്ററിനു മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ മുതലായവ) | 209 ച.മീ | @40/- (209 X40= 8360) | @80/- (209 X80= 16720) | 8360/-രൂപ |
| കുരുശുമുട്ടം 2/14/A | എൻ.ഗോപാലകൃഷ്ണൻ ശാസ്താ പോയിന്റ്, പേയാട് (വാണിജ്യാവശ്യത്തിനുള്ള 100 ച.മീ റ്ററിനു മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ മുതലായവ) | 109.63 ച.മീ | @ 40/- (109.63 X40 = 4385.20 | @ 60/- (109.63 X60 = 6577.80 | 2193/-രൂപ |
| | | | | ആകെ | 10553/-രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.( 28/22) ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയസോഫ്റ്റ് വെയർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രസ്തുത തുക കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം അതു സെക്രട്ടറിയുടെ ബാദ്ധ്യതയായി മാറുന്നതാണ്.

പഞ്ചായത്തിനു കീഴിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളുടേയും വസ്തു നികുതി പുന:പരിശോധിച്ച് അംഗീകൃത നിരക്കിൽ ഈടാക്കുന്നതിനുള്ള നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് |
|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (RP 7) | | | |
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീര സമൃതി (ജനറൽ) (പ്രോജക്ട് നം. 64) | 100000 | 100000 |

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് |
|---|---|---|---|
| | | | |
| | ക്ഷീര സമൃതി (വനിത) (പ്രോജക്റ്റ് നം. 65) | 100000 | 100000 |
| | സ്നേഹസ്പർശം (പ്രോജക്റ്റ് നം. 92) | 313500 | 313500 |
| | ഫല വൃക്ഷതൈ നട്ട് പരിപാലിക്കൽ (പ്രോജക്റ്റ് നം. 44) | 30487 | 30487 |
| | അംഗൻവാടി പോഷകാഹാരം (പ്രോജക്റ്റ് നം. 257) | 100000 | 100000 |
| | ആകെ | 643987 | 643987 |
| ചെലവ് പത്രിക പ്രകാരമുള്ള ബാക്കി തുകകളുടെ വിവരം | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (പ്രോജക്റ്റ് നം. 310) | 185600 | 185600 |
| | അംഗൻവാടി കെട്ടിട നിർമ്മാണം (വാർഡ് 4) (പ്രോജക്റ്റ് നം. 301) | 300000 | 300000 |
| | അംഗൻവാടി കെട്ടിട നിർമ്മാണം (വാർഡ് 6) (പ്രോജക്റ്റ് നം. 250) | 299690 | 299690 |
| | ആകെ | 1429277 | 1429277 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (RP 7) | | | |
| ജില്ലാ പഞ്ചായത്ത് | ക്ഷീര സമൃതി (വനിത) | 96000 | 96000 |
| | ക്ഷീര സമൃതി (ജനറൽ) | 85000 | 85000 |
| ആകെ | | 181000 | 181000 |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 20-21 RP 7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് | 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 196000 | 181000 | 377000 | 181000 | 196000 | 196000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1923092 | 663987 | 2587079 | 1429277 | 1157802 | 1157802 |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | -- | 1200000 | 1200000 | -- | 1200000 | 1200000 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം 215) | 182960 | - | 182960 |
| | പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം 191) | 693269 | - | 693269 |
| ആകെ | | 876229 | -- | 876229 |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 20-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| KSEB | 399450 | 876229 | 1275679 | 0 | 1275679 | 1275679 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച് തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC | 24679437 | 0 | 2180040 | 22499397 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഓടുക്കിയ ആളുടെ പേരു വിവരം | രസീത് നം/ തീയതി |
|---|---|---|---|---|
| - | - | 72391/-* | മോഹനദാസൻ<br>സീനിയർ ക്ലാർക്ക് | 120040105160/ 29.01.21 |

*ശമ്പള പരിഷ്ക്കരണ പ്രകാരം അധികമായി നൽകിയ തുക.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| മുന്നിരിപ്പ് | 23869368.95 |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 98594619 |
| ആകെ | 122463987.95 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 103577258 |
| നീക്കിയിരിപ്പ് | 18886729.95 |
| വരവിനങ്ങളുടെ നഷ്ടം | 10553 |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 611386 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 10553 | ശ്രീമതി. ലതാകുമാരി എസ്., (സെക്രട്ടറി) |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 611386 | ശ്രീ.ജയപ്രകാശ്.എസ്.വി., അസിസ്റ്റന്റ് എഞ്ചിനീയർ |

*ഡി*) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.ലതാകുമാരി.എസ് സെക്രട്ടറി | വിരമിച്ചു | റ്റി.സി.19/1992(1) ദേവശ്രീ,പൂജപ്പുര,മുടവൻമുകൾ |
| 2 | ശ്രീ.ജയപ്രകാശ്.എസ്.പി., അസിസ്റ്റന്റ് എഞ്ചിനീയർ | - | സത്യമംഗലം, മണ്ണാമൂല, പേരൂർക്കട പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1231/2018 തീയതി.07.06.2018 | 1 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/820/2005, തീയതി.31.01.2014 | 2 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/311/2007 തീയതി.25.06.2014 | 1 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/483/2007 തീയതി.24.10.2011 | 1 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/484/2008 തീയതി.02.11.2011 | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/800/2009 തീയതി.08.07.2011 | 2 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2297/2011 തീയതി.05.04.2013 | 1 | |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2298/2011 തീയതി.16.04.2013 | 1 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1700/2014 തീയതി.20.10.2014 | 3 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1789/2014(2) തീയതി.08.12.2014 | 4 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1173/2014 തീയതി.13.10.2014 | 9 | |
| 2013-14 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1078/2015 തീയതി.28.09.2015 | 3 | |
| 2014-15 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1336/2016,തീയതി 30/07/2016 | 3 | |
| 2015-16 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 2131/2016 തീയതി.08.12.2016 | 9 | |
| 2016-17 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1936/2017 തീയതി.03.10.2017 | 35 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2193/18 തീയതി.10.12.2018 | 12 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/328/18 തീയതി.05.06.2020 | 22 | |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1217/2021 തീയതി.20.09.2021 | 35 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

എസ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്